**മധുരമായ കുട്ടികളേ - പഠിപ്പിൽ പിഴവ് വരുത്തരുത്, അവിനാശീ ജ്ഞാന രത്നങ്ങളാൽ തന്റെ സഞ്ചി നിറച്ചുകൊണ്ടിരിക്കൂ, വിനാശീ ധനത്തിന് പുറകേ ഈ സമ്പാദ്യത്തെ ഉപേക്ഷിക്കരുത്.**

**ചോദ്യം:-** ഏത് കുട്ടികളാണ് ബാബക്ക് സമാനം ദയാഹൃദയർ, അവരുടെ അടയാളങ്ങളെന്തെല്ലാമായിരിക്കും?
**ഉത്തരം:-** അവർക്ക് ജ്ഞാനത്തിന്റെ ലഹരി ഉയർന്നിരിക്കും, അവർ ജ്ഞാന രത്നങ്ങളെ സ്വയം ധാരണ ചെയ്ത് മറ്റുള്ളവർക്ക് ജ്ഞാനത്തിന്റെ ഇൻജക്ഷൻ കൊടുത്തുകൊണ്ടിരിക്കും, എല്ലാവരെയും ആസുരീയ മതത്തിൽ നിന്ന് മോചിപ്പിച്ചുകൊണ്ടിരിക്കും. 2 - എന്താണോ ബാബ കേൾപ്പിക്കുന്നത്, അതിനെ നോട്ട് ചെയ്യുകയും അതിരാവിലെ എഴുന്നേറ്റ് അതിനെക്കുറിച്ച് ചിന്തിക്കുകയും ചെയ്യും, വിചാര സാഗര മഥനം ചെയ്ത് സദാ ഹർഷിതരായിരിക്കും.

**ഗീതം:-** നമുടെ തീർത്ഥാടനം വേറിട്ടതാണ്.....

**ഓം ശാന്തി**. ശിവജയന്തി എപ്പോഴാണുണ്ടാവുന്നത് അഥവാ പരംപിതാ പരമാത്മാവ് എപ്പോഴാണ് അവതരിക്കുന്നത്, ഇത് ഭാരതവാസികൾക്ക് അറിയുകയില്ല. നിങ്ങൾ കുട്ടികളും നമ്പർവൈസ് പുരുഷാർത്ഥ മനുസരിച്ചാണ് അറിയുന്നത് ശിവൻ എപ്പോഴാണ് അവതാരമെടുക്കുന്നത്! പാടുന്നു രാത്രിയിൽ അവതരിച്ചു. പക്ഷെ ഏത് രാത്രി?എന്താ ഇത് സാധാരണ രാത്രിയും പകലുമാണോ, ആ രാത്രി അഥവാ വേറെ ഏതെങ്കിലും രാത്രിയാണോ? ഇത് ഭാരതവാസികൾക്ക് അറിയുകയില്ല. ശിവന് പകരം അവർ പിന്നെ കൃഷ്ണന്റെ ജന്മം രാത്രി 12 മണിക്ക് വെച്ചിരിക്കുന്നു. ശിവനെ അംഗീകരിക്കുന്നുണ്ട് പക്ഷെ അവർ എപ്പേൾ ജന്മമെടുക്കുന്നു, ഇതറിയുന്നില്ല. ശിവന്റെ അവതരണത്തിന്റെ ദിവസം എല്ലാവർക്കും ഏറ്റവും വലുതിലും വലിയ ദിനമാണ് എന്തുകൊണ്ടെന്നാൽ ശിവൻ സർവ്വരുടെയും സദ്ഗതി ദാതാവാണ്. എപ്പോഴാണോ എല്ലാവർക്കും ദുഖമുണ്ടാകുന്നത് അപ്പോൾ നിലവിളിക്കുന്നു - അല്ലയോ പതിത പാവനാ വരൂ. അല്ലയോ പരംപിതാവേ കരുണ ചെയ്യൂ. പോപും പറയുകയാണ് ഗോഡ് ഫാദർ ഈ മനുഷ്യരുടെ മേൽ കരുണ കാണിക്കൂ. ഇവർ അന്യോന്യം കൊല്ലുന്നതിന് വേണ്ടി തയ്യാറായിരിക്കുകയാണ്. ആരുടെയും കേൾക്കുന്നു പോലുമില്ല. ഇവർക്ക് ഈശ്വരീയ മതം നൽകൂ. ആരെങ്കിലും വീട്ടിൽ മോശമായാൽ പറയുന്നു ഈശ്വരാ ഇവർക്ക് നല്ല മതം നൽകൂ എന്തുകൊണ്ടെന്നാൽ ആസുരീയ മതത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ആരാണ് ഭഗവാൻ, ഇതും അറിയുന്നില്ല. പറയുന്നു ഭഗവാൻ നിരാകാരനാണ്, സർവ്വവ്യാപിയാണ്. പിന്നെ വേറെയൊരു കാര്യവും നിൽക്കുന്നില്ല. നിങ്ങൾ കുട്ടികൾക്കറിയാം ബാബ എങ്ങനെയാണ് സാധാരണ ബ്രഹ്മാ ശരീരത്തിൽ അവതാരമെടുക്കുന്നത്. ബ്രഹ്മാവ് എവിടെ ജനിച്ചു, ഇത് ഭാരത വാസികൾക്ക് അറിയുകയില്ല. ദാദയുടെ(ബ്രഹ്മാവിന്റെ) ചിത്രം കണ്ട് സംശയിക്കുകയാണ്. ബ്രഹ്മാവ് വിഷ്ണുവിന്റെ നാഭിയിൽ നിന്നാണ് ജന്മമെടുത്തതെന്ന് മനസ്സിലാക്കുന്നുണ്ട്. ഇപ്പോൾ നാഭിയിലൂടെയൊന്നും ആർക്കും ജന്മമെടുക്കാൻ കഴിയുകയില്ല, വിഷ്ണു എവിടെ വസിക്കുന്നയാളാണ്, ആരുടെയും ജീവചരിത്രം അറിയുന്നതേയില്ല. ബ്രഹ്മാവിലൂടെ വിഷ്ണു എല്ലാ വേദങ്ങളുടെയും സാരം കേൾപ്പിച്ചതാണോ? ബ്രഹ്മാവിന്റെ കൈയ്യിൽ വേദം നൽകിയിട്ടുണ്ട്. ഇതും സാധ്യമല്ല. ബാബ മനസ്സിലാക്കി തരികയാണ് ഒന്ന് കുട്ടികൾക്കിവിടെ ദേഹീ അഭിമാനിയായിട്ടിരിക്കണം. നമ്മൾ ആത്മാവ് പരംപിതാ പരമാത്മാവിൽ നിന്ന് ഈ കാതുകളിലൂടെ ജ്ഞാനം കേട്ടുകൊണ്ടിരിക്കുകയാണ്. പക്ഷെ കുട്ടികൾ ഇടക്കിടക്ക് മറന്നു പോവുകയാണ്. ആത്മാക്കളോട് പരംപിതാ പരമാത്മാവ് സംഭാഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. ആരാണോ എല്ലാവരുടെയും സദ്ഗതി ദാതാവ്, ജ്ഞാനത്തിന്റെ സാഗരൻ അവർ ഇരുന്ന് കുട്ടികളെ പഠിപ്പിക്കുകയാണ്. ഇത് നിങ്ങളുടെ ബുദ്ധിയിലല്ലാതെ മറ്റാരുടെ ബുദ്ധിയിലും ഇരിക്കുകയില്ല, എന്നാൽ ഇത്രയും ആദരവ് വയ്ക്കുന്നില്ല. അഥവാ ഭഗവാനാണ് പഠിപ്പിക്കുന്നതെന്ന നിശ്ചയമുണ്ടെങ്കിൽ ഈ പഠിപ്പ് ഒരു സെക്കന്റ് പോലും ഉപേക്ഷിക്കുകയില്ല. ഈ പഠിപ്പ് അര മുക്കാൽ മണിക്കൂർ നടക്കുന്നു. ബാബ പറയുന്നു കേവലം എന്നെ ഓർമ്മിക്കൂ. ഈ ഒരു കാര്യം ഒരിക്കലും മറക്കരുത്. ബാക്കിയെല്ലാം വിസ്താരമാണ്. ബാബ മനസ്സിലാക്കി തരുകയാണ് ഈ വേദശാസ്ത്രങ്ങൾ പഠിക്കുക, ദാന പുണ്യം ചെയ്യുക.... ഇങ്ങനെ എന്തെല്ലാം ചെയ്തു വന്നോ, ഇതും ഡ്രാമ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. പകുതി സമയം ജ്ഞാനം പകുതി സമയം ഭക്തി. ബ്രഹ്മാവിന്റെ പകൽ, ബ്രഹ്മാവിന്റെ രാത്രി. ഈ സാധാരണ രാത്രിയും പകലും മൃഗങ്ങൾക്ക് പോലും അറിയാം. പക്ഷെ ബ്രഹ്മാവിന്റെ രാത്രിയും പകലും വലിയ വലിയ വിദ്വാൻമാർക്ക് പോലും അറിയുകയില്ല.

നിങ്ങൾ കുട്ടികൾക്ക് ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും, ജോലി ഉത്തരവാദിത്വം ചെയ്തും തീർച്ചയായും പഠിക്കണം, ഇതിൽ ഉപേക്ഷ വരുത്തരുത്. ബാബക്കറിയാം ഇന്നയിന്നയാൾ ഉപേക്ഷ ചെയ്യുന്നുണ്ട്. നിത്യവും പഠിക്കുന്നില്ല അതിനാൽ തോറ്റ് പോകും അഥവാ കുറഞ്ഞ പദവി നേടും എന്തുകൊണ്ടെന്നാൽ വിനാശീ ധനത്തിന്റെ ലോഭിയാണ്. അവിനാശീ ജ്ഞാന രത്നങ്ങളുടെ ബഹുമാനമില്ല. ഇതാണെങ്കിൽ നിങ്ങൾ കുട്ടികൾക്കേ അറിയൂ. ഈ അവിനാശീ ജ്ഞാന രത്നങ്ങളേ കൂടെ വരൂ. ആരാണോ കൂടുതൽ പൈസയെല്ലാം കൂട്ടി വെച്ചിരിക്കുന്നത് അവരുടെ പുറകെ ഗവൺമെന്റുണ്ട്. എങ്ങനെയാണോ മനുഷ്യരുടെ മരണം മുന്നിൽ വരുമ്പോൾ മഞ്ഞളിച്ചു പോകുന്നത്. അതുപോലെ ഗവൺമെന്റിന്റെ ഓഫീസർമാർ എടുക്കുന്നതിന് വേണ്ടി വരുമ്പോൾ മഞ്ഞളിച്ച് പോകുന്നു. നോക്കൂ, ലോകത്തിന്റെ അവസ്ഥയെന്താണ്, ബാബ മനസ്സിലാക്കി തരികയാണ് കുട്ടികളേ സമയം വളരെ കുറവാണ്. ഈ മൃത്യു ലോകത്തെ നരകം എന്ന് പറയുന്നു. പറയുന്നുമുണ്ട് - നമ്മൾ പതിതരാണ് എന്നിട്ടും അവരവരുടെ മതമനുസരിച്ച് നടന്നുകൊണ്ടിരിക്കുന്നു. കോൺഫറൻസ് ചെയ്യുന്നു ശാന്തി എങ്ങനെ സ്ഥാപിക്കും? ധർമ്മത്തിലുള്ളവർ പരസ്പരം യുദ്ധം ചെയ്യരുത്. ക്രിസ്ത്യൻ ധർമ്മത്തിലുള്ള ഒരാൾ തന്റെ ധർമ്മത്തിലുള്ളവരോട് തന്നെ യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ അവർ മനുഷ്യരെ എങ്ങനെ ശാന്തമാക്കാൻ സാധിക്കും. തികച്ചും നാഥനില്ലാത്തവരാണ്. ഋഷി മുനിമാരും പറഞ്ഞിരുന്നു ഞങ്ങൾ രചയിതാവിനെയും രചനയുടെയും ആദി മധ്യ അന്ത്യത്തെ അറിയുന്നില്ല. ബാബ പറയുന്നു നിങ്ങൾക്ക് നിങ്ങളുടെ നാഥനെ അറിയുകയില്ലേ. അധികാരിയെ അംഗീകരിക്കുന്നില്ലെങ്കിലും അറിയുകയെങ്കിലും വേണ്ടേ. ഭഗവാൻ, ഈശ്വരൻ, ഗോഡ് ഈ എല്ലാ തരത്തിലുള്ള പേരുകളും വെച്ചിരിക്കുന്നു. വാസ്തവത്തിൽ അച്ഛൻ തന്നെയല്ലേ. നമ്മുടെ രചയിതാവാണ്. നമ്മൾ അവരുടെ കുട്ടികളാണ്. അച്ഛൻ-അമ്മ കുട്ടികൾ. നമ്മൾ ഈശ്വരീയ കുടുംബമായി. തീർച്ചയായും അച്ഛനമ്മമാരിൽ നിന്നുമാണ് സമ്പത്ത് ലഭിക്കേണ്ടത്. നമ്മൾ പരംപിതാ പരമാത്മാവിന്റെ കുടുംബമാണ്. ബാബയെ സർവ്വവ്യാപിയെന്ന് പറയുകയാണെങ്കിൽ കുടുംബമാകാൻ സാധിക്കില്ല. അധികാരിയായ രചയിതാവിന്റെ കുടുംബത്തിലെയാണ് നമ്മൾ. ഇന്നേക്ക് 5000 വർഷങ്ങൾക്ക് മുമ്പും ബാബ സമ്പത്ത് നൽകിയിരുന്നു. കേവലം നമുക്ക് മാത്രമല്ല എല്ലാവർക്കും നൽകുന്നു. നമുക്ക് ജീവൻ മുക്തിയുടേത് നൽകുന്നു, ബാക്കി എല്ലാവർക്കും മുക്തിയുടേത് നൽകുന്നു. എത്ര സഹജമാണ്. ഇതും സന്തോഷത്തിന്റെ അളവ് വർദ്ധിക്കുന്നതാണ്. പക്ഷെ അല്ലയോ നമ്മുടെ മായ, ഇവിടെ നിന്ന് പുറത്ത് പോകുമ്പോൾ തന്നെ മായ മറപ്പിക്കുന്നു. ബാബയെ തന്നെ മറന്നു പോകുന്നു. ഇപ്പോൾ നിങ്ങൾ ബാബയുടെതായി മാറി, നിങ്ങൾക്ക് മാത്രമേ അറിയൂ ശിവബാബ തന്നെയാണ് ബ്രഹ്മാവിലൂടെ നമ്മേ ദത്തെടുത്തിരിക്കുന്നതെന്ന്. ഇങ്ങനെയല്ല ബ്രഹ്മാവ് വിഷ്ണുവിന്റെ നാഭിയിൽ നിന്ന് വന്നു. ഈ ചിത്രം വെക്കണം.(ഗാന്ധിജിയുടെ നാഭിയിൽ നിന്ന് നെഹ്റു) പക്ഷെ വിഷ്ണുവിന്റെ നാഭിയിൽ നിന്ന് ഇത്രയും വലിയ ബ്രഹ്മാവെങ്ങനെ വരും. പിന്നീട് ബ്രഹ്മാവിരുന്ന് ജ്ഞാനം കേൾപ്പിക്കുന്നു - വേദങ്ങളുടെ, അതും എവിടെ? എന്താ സൂക്ഷ്മവതനത്തിലാണോ? ഒന്നും തന്നെ ബുദ്ധിയിലിരിക്കുന്നില്ല. ആർക്കാണോ ബാബയിൽ നിന്ന് സമ്പത്ത് നേടേണ്ടത് അവർ ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കുന്നു, ബാക്കിയെല്ലാവരും കല്പനയെന്ന് പറയുന്നു. ഇപ്പോൾ കുട്ടികളാണെങ്കിൽ അംഗീകരിക്കുന്നുണ്ട് ബാബ സത്യം തന്നെയാണ് കേൾപ്പിക്കുന്നത് നിങ്ങൾ ബ്രാഹ്മണർക്ക് പിന്നീട് പോയി എല്ലാവർക്കും സത്യമായ ഗീത കേൾപ്പിക്കണം. എല്ലാവർക്കും ഒരു പോലെ മനസ്സിലാക്കാൻ കഴിയില്ല. നമ്പർവൈസ് രാജധാനി ഉണ്ടാക്കി കൊണ്ടിരിക്കുകയാണ്. എല്ലാവർക്കും ഒരുപോലെ പഠിക്കാൻ സാധിക്കില്ല. ധാരണ ചെയ്ത് പിന്നീട് വിചാര സാഗര മഥനം ചെയ്യണം. കേട്ട്, നോട്ട് ചെയ്ത് പിന്നീടിരുന്ന് ചിന്തിക്കണം. ബാബയിന്ന് എന്താണ് കേൾപ്പിച്ചത്. അതിരാവിലെ എഴുന്നേറ്റ് മനനം ചെയ്യണം. നിങ്ങൾക്ക് എല്ലാവരുടെ മേലും കരുണയുണ്ടാവണം. ബാബയുടെ ആജ്ഞയാണ് തന്റെ രചനയായ പത്നി, കുട്ടികൾക്കും മനസ്സിലാക്കി കൊടുക്കൂ. പുരുഷൻ തന്റെ സുഖത്തിന് വേണ്ടി രചന രചിക്കുന്നു. ഈ പരിധിയില്ലാത്ത ബാബ സ്വയം സുഖം അനുഭവിക്കുന്നില്ല. പറയുന്നു കുട്ടികൾക്ക് വേണ്ടിയാണ് എല്ലാ പരിശ്രമവും ചെയ്യുന്നത്. അതിനാൽ എപ്പോൾ ധാരണയുണ്ടാകുന്നുവോ അപ്പോൾ ലഹരി വർദ്ധിക്കും പിന്നീട് ആർക്കും ഇൻജക്ഷൻ നൽകാൻ സാധിക്കും. ബാബയെ പോലെ ദയാഹൃദയനായി മാറണം. ആസുരീയ മതത്തിൽ നിന്ന് എല്ലാവരെയും മോചിപ്പിക്കണം. എത്ര വലിയ ശത്രുതയാണ് രാമന്റെയും രാവണന്റെയും. ഇത് രാവണ രാജ്യമാണ്, അതാണ് രാമ രാജ്യം. മനുഷ്യർക്കാണെങ്കിൽ ഒന്നും തന്നെ അറിയുകയില്ല ആരാണ് പാവനമാക്കി മാറ്റുന്നത്, പതിതമാക്കി മാറ്റുന്നതാരാണ്. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. മനസ്സിലാക്കി തരുന്നതിന് വേണ്ടി തന്നെയാണ് ഈ ചിത്രം ഉണ്ടാക്കിയിരിക്കുന്നത്. ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്. ഈ ചിത്രങ്ങളിൽ വളരെ നന്നായി എഴുതിയിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നിരാകാരനായ ഗോഡ് ഫാദർ മുഴുവൻ ലോകത്തിന്റെ മതപരവും രാഷ്ട്രീയപരവുമായ ചരിത്രവും ഭൂമിശാസ്ത്രവും ഇരുന്ന് കേൾപ്പിക്കുന്നു. അനേകർ കേൾക്കുന്നുണ്ട്, പക്ഷെ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. വാസ്തവത്തിൽ ഈ ചിത്രം അന്ധരുടെ

മുന്നിൽ കണ്ണാടിയാണ്. വൃക്ഷവും ഡ്രാമയും അതാണെങ്കിൽ വളരെ വ്യക്തമാണ്. ഇത് മനസ്സിലാക്കിയിട്ടാണ് ബാബ ഉണ്ടാക്കിച്ചിരിക്കുന്നത്. ഈ സമയം എല്ലാവരും അജ്ഞാന നിദ്രയിൽ ഉറങ്ങുകയാണ്. നിങ്ങൾ കുട്ടികൾ ആത്മീയ യാത്രക്ക് കൂട്ടികൊണ്ട് പോകൂ. ആത്മീയ വഴികാട്ടിയാക്കുന്നതിന് വേണ്ടി ജ്ഞാനം വളരെയധികം നൽകേണ്ടി വരും. ബുദ്ധി ശുദ്ധമായിരിക്കണം. ഈ പഴയ ലോകത്ത് നിന്ന് പെട്ടെന്ന് ഉപരാമമായിരിക്കണം. ഇതും അത്ഭുതമാണ്, എവിടെയാണോ തന്റെ ജഢ ഓർമ്മചിഹ്നമുള്ളത്, അവിടെ തന്നെ പോയി ഇരിക്കുന്നു. അത് ജഢമാണ്, ഇത് ചൈതന്യമാണ്. വലിയ ഗുപ്തമായ രഹസ്യമാണ്. എങ്ങനെയാണോ നമ്മൾ ഗുപ്തം അതുപോലെ ക്ഷേത്രത്തിലെ ഓർമ്മ ചിഹ്നവും ഗുപ്തമാണ്. ക്ഷേത്രമുണ്ടാക്കുന്നവർക്ക് ഒന്നും തന്നെ അറിയുകയില്ല. ബാബ നിങ്ങൾക്ക് എല്ലാ കാര്യങ്ങളും മനസ്സിലാക്കി തന്നിട്ടുണ്ട്. പ്രദർശിനിയിൽ അക്ഷരം വളരെ നല്ലതായിരിക്കണം. നിങ്ങൾ മനസ്സിലാക്കി കൊടുക്കേണ്ടതും വളരെ നല്ല രീതിയിലായിരിക്കണം. മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുകയും വേണം. വലിയ വലിയ ആളുകൾ വരുന്നു, ചിലർ നല്ല രീതിയിൽ മനസ്സിലാക്കുന്നു, ചിലരാണെങ്കിൽ നന്നായി തോന്നുവെന്ന് പറയുന്നു പക്ഷെ സമയമെവിടെ. ചിലർ പറയുന്നു നാളെ മുതൽ വന്ന് മനസ്സിലാക്കാം. ബാബ പറയുന്നു നിങ്ങൾ ഒരിക്കലും വരില്ല. വളരെ ബുദ്ധിമുട്ടാണ്. നിങ്ങൾക്കറിയാം നമ്മൾ ദേവതയായി മാറികൊണ്ടിരിക്കുകയാണ്, നമ്മൾ നമ്മുടെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ രാജ്യം ഭരിക്കും. പക്ഷെ ഇത് ഹൃദയ ദർപ്പണത്തിൽ നോക്കണം. ഞാൻ രാജാവും റാണിയുമാകുമോ അതോ ദാസ–ദാസീ അഥവാ പ്രജയാകുമോ. മധുബനിൽ വന്ന് ഇങ്ങനെ ലഹരി ഉയർത്തി പോകൂ പിന്നീട് അത് സദാ സ്ഥിരമായിരിക്കും. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ഈ പഴയ ലോകത്തിൽ നിന്ന് ഉപരാമമായിരിക്കണം. ശുദ്ധ ബുദ്ധിയായി മാറി ജ്ഞാനം ധാരണ ചെയ്ത് പിന്നീട് മറ്റുള്ളവരെ കൊണ്ടും ധാരണ ചെയ്യിക്കണം. വിചാര സാഗര മഥനം ചെയ്യണം.

2) ബാബക്ക് സമാനം ദയാ ഹൃദയനായി മാറി എല്ലാവരെയും ആസുരീയ മതത്തിൽ നിന്നും മോചിപ്പിക്കണം.

## വരദാനം:– പരിവർത്തന ശക്തിയിലൂടെ കഴിഞ്ഞുപോയതിന് ബിന്ദുവിടുന്ന നിർമ്മലരും വിനയചിത്തരുമായ ഭവിക്കൂ

പരിവർത്തന ശക്തിയിലൂടെ ആദ്യം തന്റെ സ്വരൂപത്തിന്റെ പരിവർത്തനം ചെയ്യൂ, ഞാൻ ശരീരമല്ല, ആത്മാവാണ്. പിന്നീട് സ്വഭാവത്തിന്റെ പരിവർത്തനം ചെയ്യൂ, പഴയ സ്വഭാവം തന്നെയാണ് പുരുഷാർത്ഥീ ജീവിതത്തിൽ ചതിവ് നൽകുന്നത്, അതുകൊണ്ട് പഴയ സ്വഭാവം അർത്ഥം നേചറിന്റ പരിവർത്തനം ചെയ്യൂ. പിന്നീടുള്ളതാണ് സങ്കൽപങ്ങളുടെ പരിവർത്തനം. വ്യർത്ഥ സങ്കൽപങ്ങളെ സമർത്ഥത്തിലേക്ക് പരിവർത്തനം ചെയ്യൂ. ഇപ്രകാരം പരിവർത്തന ശക്തിയിലൂടെ ഓരോ കഴിഞ്ഞ് പോയതിനും ബിന്ദുവിടൂ എങ്കിൽ നിർമ്മലരും വിനയചിത്തരുമായി സ്വതവേ മാറും.

## സ്ലോഗൻ:– മസ്തകത്തിൽ സ്മൃതിയുടെ തിലകം സദാ തിളങ്ങിക്കൊണ്ടിരിക്കണം – ഇതാണ് സത്യമായ സുമംഗലിയുടെ ലക്ഷണം.

**(ദാദിമാരുടെ പഴയ ഡയറികളിൽ നിന്ന് തിരഞ്ഞെടുത്ത കുറച്ച് അമൂല്യ രത്നങ്ങൾ)**

മനുഷ്യന്റെ മൂല്യം ശുദ്ധ ബുദ്ധിയിലും അശുദ്ധ ബുദ്ധിയിലുമാണുള്ളത്, അതനുസരിച്ച് സർവ്വോത്തമ ദേവീ ദേവതാ കുലത്തിന്റെ ബുദ്ധി സർവ്വോത്തമ മൂല്യമുള്ളതാണ്. അതുപോലെ മദ്ധ്യ കുലത്തിലുള്ളതിന് മദ്ധ്യമ മൂല്യമായിരിക്കും. ഇപ്രകാരം കനിഷ്ഠ കുലത്തിലുള്ളവരുടെ ബുദ്ധിയുടെ മൂല്യം കനിഷ്ഠം തന്നെയായിരിക്കും. ഈ മൂന്ന് സമ്പ്രദായങ്ങളാണുള്ളത്. ഈ മൂന്ന് പേരുടെയും ആധാരം ബുദ്ധിയിലാണുള്ളത്. ആദ്യം സർവ്വോത്തമ ബുദ്ധിയുള്ളവരായ ബ്രാഹ്മണ ദേവീ ദേവതകൾ സമ്പൂർ ജ്ഞാനത്തിലൂടെ സർവ്വോത്തമ സമ്പാദ്യം വരിച്ച് വിശ്വ രാജ്യത്തിന്റെ താക്കോൽ അഥവാ

വൈകുണ്ഢത്തിന്റെ ചക്രവർത്തീ പദവി പ്രാപ്തമാക്കി, അരകൽപം പ്രകൃതി അവരുടെ ദാസിയായി, അങ്ങനെ പ്രത്യക്ഷത്തിൽ സുഖം അനുഭവിക്കുന്നു ഒപ്പം അരകൽപം അവരുടെ മൂർത്തികൾ ക്ഷേത്രത്തിൽ പൂജിക്കുന്നു, ഇതിന്റെ മുഴുവൻ ആധാരവും ഈ ബുദ്ധിയിലാണ് അതുകൊണ്ട് വളരെ തീവ്യമായ ബുദ്ധി ഉണ്ടായിരിക്കണം. ഈശ്വരനായ പിതാവിന്റെ മഹാവാക്യമാണ് തീവ്ര വേഗതയോടെ ബുദ്ധിയോഗം ചേർക്കുന്നവർ എന്റെ തന്നെ സ്വരൂപമാണ്.

ബാബ തന്റെ ദൈവീക കുട്ടികൾക്ക് അദ്ഭുതകരമായ ഉപഹാരം സ്ത്രീധനമായി നൽകുകയാണ്. ഇപ്പോൾ നിങ്ങൾക്ക് നിങ്ങൾക്ക് ഏത് ഉപഹാരമാണ് ലഭിക്കുന്നത്? എന്താ അവിനാശീ ജ്ഞാന ധനത്തിന്റേതാണോ? അത് നിശ്ചയമാണ്, എന്നാൽ അതിന് ശേഷം എന്താണ് ലഭിക്കുന്നത്? മുഴുവനായും അലങ്കരിച്ച അദ്ഭുതകരമായ വൈകുണ്ഢം, ഇങ്ങനെ അദ്ഭുതകരമായ ഉപഹാരമാണ് നിങ്ങൾക്ക് സ്ത്രീധനമായി ലഭിക്കുന്നത് എന്തുകൊണ്ടെന്നാൽ ഈ അച്ഛന് തന്റെ കുട്ടികളോട് അതി സ്നേഹമാണ്. ബാബ പറയുന്നു അവിടെ ഓരോരുത്തർക്കും അവരവരുടേതായ ഏതൊരു മാതാ–പിതാവാണോ ഉണ്ടായിരിക്കുക അവർ നൽകും, എന്നാൽ ഞാൻ എന്റെ കുട്ടികൾക്ക് ഇപ്പോൾ തന്നെ നൽകില്ലേ. ചിന്തിക്കുന്നു എന്റെ കുട്ടികൾക്ക് എല്ലാം തന്നെ ലഭിക്കുകയാണെങ്കിൽ അവരുടെ ഹൃദയം എത്രത്തോളം നിറയും. അതുകൊണ്ട് ഈ സ്വരൂപത്തിൽ എല്ലാവർക്കും വൈകുണ്ഢമാകുന്ന ഉപഹാരം നൽകുന്നു. ഇങ്ങനെയല്ല ആരാണോ ജ്ഞാനി തു ആത്മാവ് സർവ്വോത്തമരായവർ അവർക്ക് നൽകുന്നു, സർവ്വോത്തമമായവർക്ക് അവിടെ ബന്ധമുണ്ടായിരിക്കും, എന്നാൽ മദ്ധ്യമം, സർവ്വോത്തമം രണ്ടുപേർക്കും തന്നെ ലഭിക്കുന്നു എന്തുകൊണ്ടെന്നാൽ ഈ സമയം ദൈവീക സന്താനമായതുകാരണം ഒരുപോലെ അതിയായ സ്നേഹമാണ്. അക്കാരണത്താൽ ഇങ്ങനെയുള്ള വൈകുണ്ഢം സമ്മാനമായി നൽകുന്നു, അതിൽ ജന്മ–ജന്മാന്തരം എല്ലാ കുട്ടികളും സുഖം അനുഭവിക്കുന്നു. ആ റോയൽ കുലത്തിന് മഹിമയും പൂജയുമുണ്ട്, ഈ കുലം രാജകീയ മായതുകൊണ്ട് എ വൺ മഹിമയാണ്. നോക്കൂ, പ്രഭു കൃഷ്ണന്റെ മഹിമ എത്ര ആഘോഷമായാണ് നടത്തുന്നത്. യൂറോപ്യൻമാരും പറയുന്നു പ്രഭു കൃഷ്ണൻ. കൃഷ്ണന്റെ പൂജാരി കൃഷ്ണന്റെ പേരെടുത്ത് പറയുന്നു ഞങ്ങൾ കൃഷ്ണന്റെ പൂജാരിയാണ്. പൂജ നടത്തുന്ന പൂജാരിക്ക് ബ്രാഹ്മണന്റെ ടൈറ്റിൽ നൽകുന്നു, അതിലൂടെ പ്രകൃതി അവരുടെ ദാസിയായി മാറുന്നു. എന്നാൽ യഥാർത്ഥത്തിൽ അവരുടെ ജീവിതം ബ്രാഹ്മണന്റേതല്ല, കേവലം തനിക്ക് ആ ടൈറ്റിൽ നൽകിയിരിക്കുന്നു. തന്റെ പേരുണ്ടാക്കിയിരിക്കുന്നു. സത്യയുഗ സമയത്ത് എന്തെല്ലാം നിയമങ്ങളാണോ ഉള്ളത്, അതെല്ലാം ഇവിടെ നിന്ന് തന്നെയാണ് ആരംഭിക്കുന്നത്. ആ നിയമങ്ങളുടെ സ്ഥാപന ആദ്യം ഇവിടെയാണ് ഉണ്ടാകുന്നത്, ആ നിയമങ്ങൾ ഇവിടെ ഗുപ്തരൂപത്തിലുണ്ട്, അവിടെ ഇമർജായി പ്രത്യക്ഷ സ്വരൂപമെടുക്കുന്നു. ആര് ഇവിടെ നിന്ന് ജ്ഞാനം എടുക്കുന്നോ അവരുടെ അന്തിമ ഗതി ശ്രേഷ്ഠമാകുന്നു. ഇവിടുത്തെ ഓരോ നിർദ്ദേശം, അതിലൂടെ അവിടെ പ്രത്യക്ഷത്തിൽ ഓരോ ചുവടും വയ്ക്കുന്നു. ചിന്തിച്ചല്ലേ ചെയ്യാറുള്ളത്! പറയാറുണ്ട് ചിന്തിച്ച് മനസ്സിലാക്കി ചുവടെടുക്കണം. ചുവട് ആദ്യം തന്നെ എടുക്കില്ല, ഇവിടെ ആദ്യം ചിന്തിക്കുന്നു ശേഷം അവിടെ ചുവടെടുക്കുന്നു. ഇവിടെ ചിന്ത പ്രത്യക്ഷമാണെങ്കിൽ ചുവട് ഗുപ്തമാണ്. അവിടെ ചുവട് പ്രത്യക്ഷമാണ് ചിന്ത ഗുപ്തമാണ്. അഥവാ മനുഷ്യരുടെ ബുദ്ധി ശുദ്ധമാണെങ്കിൽ എല്ലാമുണ്ട്, ബുദ്ധി വളരെ വിശാലമായിരിക്കണം. ബുദ്ധിയിലൂടെ തന്നെയാണ് മനുഷ്യൻ രാജാവാകുന്നതും, ബുദ്ധിയിലൂടെ തന്നെയാണ് യാചകനാകുന്നതും. ബുദ്ധി എല്ലാ കർമ്മേന്ദ്രിയങ്ങളുടെയും ശിരോമണിയെന്നാണ് പാടാറുള്ളത്. വിശാല ബുദ്ധിയുള്ള ദിവ്യ ആത്മാവിന്റെ മസ്തകം തിളങ്ങുന്നു എന്തുകൊണ്ടെന്നാൽ ബുദ്ധിയിൽ മുഴുവൻജ്ഞാനവും നിറഞ്ഞിട്ടുണ്ട്, അവർ പിന്നീട് എപ്പോഴാണോ മറ്റുള്ളവർക്ക് തന്റെ ബുദ്ധിയാകുന്ന ലേക്കറിൽ നിന്ന് ജ്ഞാന രത്നം എടുത്ത് നൽകുമ്പോൾ അതിന്റെ തിളക്കം കാണപ്പെടുന്നു. അവരെ പ്രതിയാണ് ദിവ്യ പിതാവിന്റെ മഹിമ പാടുന്നത് എന്നാൽ സംഖ്യാക്രമത്തിലാണ്. അവരിൽ തന്നെ ശിരോമണി ദൈവീക പിതാവ് പ്രജാപിതാ ബ്രഹ്മാവിന്റെ മഹിമ പാടിയിരിക്കുന്നു. ഓം ശാന്തി.